പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3708 15.12.2014 ലെ മറുപടിക്ക്

## അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനം

| ചോദ്യം<br>**ശ്രീ.ജി.എസ്.ജയലാൽ** | മറുപടി<br>**ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
|---|---|
| **എ)** കൊല്ലം (സിറ്റി/റൂറൽ), ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി 3 ബറ്റാലിയനിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റ് ഇപ്പോഴും നിലവിലുണ്ടോ; എങ്കിൽ 11.09.2014-ന് നിലവിൽ വന്ന ഈ ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; | **(എ)** റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ നിന്നും 10.10.2014 വരെ 124 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. ഇതിൻമേൽ നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. |
| **ബി)** ആഭ്യന്തര വകുപ്പിൽ നിന്നും പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്; ആയത് എന്നാണെന്ന് അറിയിക്കുമോ; | **ബി)** NJD ഉൾപ്പെടെ 124 ഒഴിവുകളാണ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 15.02.2012, 13.06.2012, 02.07.2012, 14.03.2013, 20.04.2012 തീയതികളിൽ. |
| **സി)** ഈ തസ്തികയിലേക്ക് നിരവധി ഒഴിവുകൾ നിലവിലുണ്ടെങ്കിലും ആയത് യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്നുള്ള ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധിച്ചുവോ; എങ്കിൽ അടിയന്തിരമായി ഒഴിവുള്ള എല്ലാ തസ്തികകളും റിപ്പോർട്ട് ചെയ്യുവാൻ ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകുമോ; വിശദാംശം അറിയിക്കുമോ? | **സി)** ഇപ്പോൾ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ